ചെയ്തു തന്നതാണ്. പക്ഷെ ഇന്നുവരെ അതു പ്രവർത്തിപ്പിക്കാൻ സാധിച്ചിട്ടില്ലെന്നുള്ള ദുഃഖകരമായ സ്ഥിതിവിശേഷം ഞാൻ അദ്ദേഹത്തിന്റെ ഓർമ്മയിൽപ്പെടുത്തുന്നു. ഇപ്പോഴുണ്ടായിട്ടുള്ള പ്രത്യേകമായ 'വോൾട്ടേജുകമ്മി പരിഹരിക്കുന്നതിനും ഈ സബ് സ്റ്റേഷൻ പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ അടിയന്തരനടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): സർ, ഗുരുവായൂരിൽ സ്ഥാപിക്കുന്ന ഈ സബ് സ്റ്റേഷന്റെ സ്ഥലം 99 കൊല്ലത്തെ പാട്ടവ്യവസ്ഥയിൽ വിദ്യുച്ഛക്തി ബോർഡിനു തരാമെന്ന് ഗുരുവായൂർ ദേവസ്വം തീരുമാനിച്ചതാണ്. പക്ഷെ ഇതുവരെ സ്ഥലം വിട്ടുകിട്ടിയിട്ടില്ല. സ്ഥലം വിട്ടുകിട്ടിയാൽ ഉടൻതന്നെ ഈ സ്റ്റേഷന്റെ പണി ആരംഭിക്കാനുള്ള അനുവാദം നൽകിക്കഴിഞ്ഞിട്ടുണ്ട്. അതിനുള്ള നടപടി പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. ഗുരുവായൂർ ദേവസ്വം കമ്മീഷണറുടെ പക്കലാണ് ഇതിന്റെ ഫയലുകളെന്നാണ് പറയുന്നത്. അതു വളരെ വേഗം ക്ലിയർ ചെയ്തു തരണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. സബ് സ്റ്റേഷൻ അനുവദിച്ചിട്ടു രണ്ടോ മൂന്നോ വർഷമായെങ്കിലും, ആ സ്ഥലം വിട്ടുതരാത്തകാരണത്താൽ പണി തുടങ്ങാൻ കഴിഞ്ഞിട്ടില്ല. സ്ഥലം കിട്ടിയാൽ ഉടനെ പണി തുടങ്ങുന്നതാണ്.

(43) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ ശുദ്ധജല ദൗർലഭ്യം

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി: സർ, ഏറ്റവും രൂക്ഷമായ ശുദ്ധജല ക്ഷാമം അനുഭവിക്കുന്ന പ്രദേശമാണ് വടക്കാഞ്ചേരി നിയോജകമണ്ഡലം. കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടുകൂടി വടക്കാഞ്ചേരി ശുദ്ധജല വിതരണ പദ്ധതിയുടെ പണി തുടങ്ങിയിട്ട് 3 കൊല്ലമായി. പണി ഏറെക്കുറെ കഴിഞ്ഞെങ്കിലും പൈപ്പുകൾ ബന്ധിപ്പിക്കുന്നതിന് ബെൻറുകളില്ല. ഇലക്ട്രിസിറ്റി കണക്ഷനു വേണ്ട കോൺട്രിബ്യൂഷനായി ഒരു ലക്ഷത്തിൽ ചിലവാനം ഉറുപ്പിക അടച്ചു കഴിഞ്ഞിരിക്കുകയാണ്. വേണ്ടുമെങ്കിൽ ഉത്സാഹിച്ചാൽ ഒരു മാസത്തിനകം ഈ ശുദ്ധജലവിതരണപദ്ധതി ഉദ്ഘാടനം ചെയ്യാൻ സാധിക്കും. ആ വിധത്തിൽ ഇതിന്റെ പണി ഉടനെതന്നെ പൂർത്തിയാക്കണം. കടങ്ങോട് ശുദ്ധജലവിതരണപദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞിട്ട് കാലം കുറെയായെങ്കിലും നടപടിയൊന്നുമായിട്ടില്ല. ആയത് ഡച്ച് ഗവൺമെന്റിന്റെ സഹായത്തോടുകൂടി ഉടനടി നടപ്പാക്കി ആ പ്രദേശത്തെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനു വേണ്ട നടപടികളെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, വടക്കാഞ്ചേരി ആഗ്മെന്റേഷൻ സ്കീമിനെ സംബന്ധിച്ചിടത്തോളം അതിന്റെ ഡപ്പോസിറ്റ് തുക അടച്ചിട്ടുണ്ട്. ഇലക്ട്രിക് കണക്ഷൻ കിട്ടിയാൽ ഉടൻതന്നെ അതു കമ്മീഷൻ ചെയ്യുന്നതാണ്. കടങ്ങോട് ശുദ്ധജലവിതരണപദ്ധതി ആക്സിലറേറ്റഡ് റൂറൽ വാട്ടർ സപ്ലൈ സ്കീമിൽപ്പെടുത്തി കിട്ടുന്നതിനുവേണ്ടി കേന്ദ്രഗവൺമെന്റിലേക്ക് ആ സ്കീം അയച്ചുകൊടുക്കാനുള്ള നടപടികൾ സ്വീകരിച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly